കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - PMAYപദ്ധതി - വീട് നിർമ്മാണത്തിന് ധനസഹായം ലഭിച്ചവർക്ക് ആയത് പൂർത്തീകരിക്കുന്നതിന് അധികസഹായം - അനുമതി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഡി.ബി)വകുപ്പ്

സ.ഉ(സാധാ)നം.3768/2017/തസ്വഭവ    തിരുവനന്തപുരം, തീയതി, 23.11.2017

---

വായന :- 1. 13/10/2017-ലെ സ.ഉ(എം.എസ്) നം. 202/2017/തസ്വഭവ നമ്പർ ഉത്തരവ്.
2. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 19/10/2017 ലെ 3.11 നമ്പർ തീരുമാനം.

ഉത്തരവ്

2016-17 ൽ PMAY പദ്ധതി പ്രകാരം വീട്ടു വയ്ക്കാൻ ധനസഹായം ലഭിച്ചവരുടെ, ഇനിയും പൂർത്തിയാക്കാനുള്ള വീടുകൾ പൂർത്തീകരിക്കാൻ അധിക സഹായം ലഭ്യമാക്കുന്ന വിഷയം 19/10/2017 ൽ ചേർന്ന കോ-ഓർഡിനേഷൻ കമ്മിറ്റി പരിശോധിച്ചു. കമ്മിറ്റിയുടെ വായന രണ്ടിലെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ 2016-17 വർഷത്തിൽ (31.03.2016 നും 31.03.2017 നുമിടയിൽ) PMAY പദ്ധതി പ്രകാരം ധനസഹായം ലഭിച്ചവർക്ക് വീട്ടുപണി പൂർത്തീകരിക്കാൻ കൂടുതൽ ധനസഹായം ആവശ്യമാണെങ്കിൽ വായന ഒന്നിലെ ഉത്തരവിൽ നിഷ്കർഷിച്ചിട്ടുള്ള വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ അധിക ധനസഹായം അനുവദിച്ചു നൽകാൻ അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

എൻ. വിശ്രുതൻ ആചാരി
ജോയിന്റ് സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ഗ്രാമ വികസന കമ്മീഷണർ, തിരുവനന്തപുരം
സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ & ഇ/ ഓഡിറ്റ്) കേരള, തിരുവനന്തപുരം.
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
ധനകാര്യ വകുപ്പ് ( 22.09.2017 ലെ DEV-3/224/2017-Fin നമ്പർ പ്രകാരം)
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ